(ഇ) പ്രസ്തുത ആവശ്യത്തിനായി കൂടുതൽ ഭൂമി വിട്ടുകൊടുക്കേണ്ടി വരുമെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ശബരിമല വികസനം, ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം എന്നിവയ്ക്ക് എത്രഭൂമി വീതം വിട്ടുകൊടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) ഇതിനായി സംസ്ഥാന സർക്കാർ പ്രത്യേകമായി മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. കേന്ദ്രവന സംരക്ഷണ നിയമം അനുസരിച്ച് വനഭൂമി മതേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

(സി) ഉണ്ട്.

(ഡി) 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വന്നതിനുശേഷം ശബരിമല വികസനത്തിന് 16.2975 ഹെക്ടർ വനഭൂമിയും ജലവൈദ്യുത പദ്ധതിയുടെ വികസനത്തിനായി 173.96 ഹെക്ടർ വനഭൂമിയും റോഡു നിർമ്മാണത്തിനായി 1.7616 ഹെ. വനഭൂമിയും വിട്ടുകൊടുത്തിട്ടുണ്ട്.

(ഇ) പ്രസ്തുത ആവശ്യങ്ങൾക്കായി കൂടുതൽ വനഭൂമിക്ക് ഉള്ള അപേക്ഷകൾ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന് കേന്ദ്രാനുമതി ലഭിക്കുന്ന പക്ഷം പ്രസ്തുത ഭൂമി വിട്ടുകൊടുക്കേണ്ടതായി വരും.

(എഫ്) ശബരിമല വികസനത്തിനായി 20 ഹെക്ടറും പമ്പ സബ്സ്റ്റേഷൻ നിർമ്മാണത്തിന് 13.526 ഹെക്ടറും ജലവിതരണത്തിനും ചെക്ക്ഡാം നിർമ്മാണത്തിനുമായി 1.709 ഹെക്ടറും ഉൾപ്പെടെ 35.235 ഹെക്ടർ വനഭൂമിയും ജലവൈദ്യുത പദ്ധതികൾക്കായി 379.75 ഹെക്ടർ വനഭൂമിയും വിട്ടുകൊടുക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

28 (*553) വ്യാവസായിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വ്യാവസായിക ഉല്പാദകരെ പ്രോത്സാഹിപ്പിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പരിഷ്കാരങ്ങളാണ് നികുതി മേഖലയിൽ കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് വ്യവസായികസംരംഭകരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വ്യവസായിക ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും പുതിയ വ്യവസായിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുവാനും നികുതി ഘടനയിലും മറ്റും എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

823/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാവസായിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതു ലക്ഷ്യമിട്ടു ചുവടെ ചേർത്തിരിക്കുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1996-97 സാമ്പത്തിക വർഷം

1. 50 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിറ്റുവരവ് 50 ലക്ഷം കവിയുന്ന ആദ്യവർഷം ഉയർന്ന നിരക്ക് 50 ലക്ഷത്തിനുമേലുള്ള വിറ്റുവരവിനു മാത്രമായി.

2. സംസ്ഥാനത്തിനകത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ നിർമ്മിക്കുന്ന ഡീസൽ ജനറേറ്ററുകൾക്ക് നികുതി 10% ൽ നിന്ന് 1% ആയി കുറച്ചു.

3. കാപ്രോലാക്ടത്തിന്റെ സംസ്ഥാനന്തര വില്പന നികുതി 4% നിന്ന് 2% ആയി.

4. ചെറുകിട കൺഫെക്ഷണറി യൂണിറ്റുകളുടെ നികുതി നിരക്ക് 10%-ൽ നിന്ന് 6% മാക്കി.

5. 20% തെർമ്മൽ എഫിഷ്യന്റായ തിരിസ്റ്റൗവ്കളെ പൂർണ്ണമായും നികുതിയിനത്തിൽ നിന്നും ഒഴിവാക്കി.

6. സംസ്ഥാനത്തിനകത്ത് വൈദ്യുതി ഉപയോഗിക്കാതെ ഉണ്ടാക്കുന്ന വൈറ്റ്നർ ഏജന്റിനും ഡിറ്റർജന്റിനും നികുതി നിരക്ക് 10%ൽ നിന്നും 5% മാക്കി.

1997-98 സാമ്പത്തികവർഷം

7. വ്യവസായ യൂണിറ്റുകൾക്കു വില്ക്കുന്ന ഫർണസ് ഓയിലിന്റെ നികുതി നിരക്ക് 12.5% നിന്ന് 10% മാക്കി.

8. സംസ്ഥാനത്തുണ്ടാക്കുന്ന പത്രക്കടലാസിന്റെ നികുതി 5%ത്തിൽ നിന്ന് 2% മാക്കി.

9. ബിസ്ക്കറ്റും മിഠായിയും ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾക്കുള്ള 4% നികുതി സൗജന്യം ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു.

10. സഹകരണ യൂണിറ്റുകളിൽ റബ്ബർ ചേർത്തുണ്ടാക്കുന്ന കയർ മെത്തകൾക്കുള്ള നികുതി 4% ത്തിൽനിന്ന് 2% മാക്കി.

1998-99 സാമ്പത്തികവർഷം

11. ബിസ്ക്കറ്റും മിഠായിയുമുണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾക്കുള്ള സൗജന്യനിരക്കായ 4% ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു.

12. സിമന്റ് പെയിന്റ് ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾക്കുള്ള സൗജന്യനിരക്കായ 4% ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു.

13. ടാറിംഗ് യൂണിറ്റുകളെ ചെറുകിട വ്യവസായമായി പരിഗണിച്ച് ഇവർക്കുള്ള സൗജന്യങ്ങൾ ലഭ്യമാക്കി.

1999-2000 സാമ്പത്തിക വർഷം

14. ചെറുകിട വ്യവസായങ്ങൾക്ക് വിറ്റുവരവിന്റെ പരിധി നോക്കാതെ വില്പന നികുതി 6% ആയി കുറച്ചു.

LIBRARY ARCHIVES Kerala Legislative Assembly

15. കമ്പ്യൂട്ടർ സോഫ്റ്റ്വെയറിനെ നികുതിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കി.

16. കമ്പ്യൂട്ടർ ഹാർഡ്വെയർ യൂണിറ്റിനെ ഏഴുവർഷത്തേക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 150% എന്ന പരിധിക്കു വിധേയമായി നികുതിയിൽ നിന്ന് ഒഴിവാക്കി.

17. സിമന്റ് പെയിന്റ് നിർമ്മിക്കുന്ന വ്യവസായങ്ങൾക്കുള്ള നികുതി 12.5%-ൽ നിന്ന് 6% ആക്കി.

18. കോൺക്രീറ്റ് കട്ടിള, ജനാല മുതലായവയുടെ നികുതി 12.5% ത്തിൽ നിന്നും 6% മാക്കി.

19. ഡീസൽ ജനറേറ്ററുകൾ ഉണ്ടാക്കുന്ന വ്യവസായങ്ങളുടെ നികുതി നിരക്ക് 10% ത്തിൽ നിന്നും 5% മാക്കി.

20. പാരഫിൻ വാക്സിന്റെ നികുതി 12.5% ത്തിൽ നിന്ന് 4% മായി കുറച്ചു.

21. പരുത്തിയുടെ നികുതി 4% ത്തിൽനിന്നും 2% മായി കുറച്ചു.

22. അമോണിയ ഗ്യാസിന്റെ നികുതി 10% ത്തിൽ നിന്നും 3% മാക്കി.

23. ബിസ്ക്കറ്റിന്റെയും മിഠായിയുടേയും (എസ്.എസ്.ഐ. യൂണിറ്റ്) നികുതി 10% ത്തിൽ നിന്നും 6% മായി കുറച്ചു.

24. റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾക്കുള്ള സൗജന്യം ഒരുവർഷത്തേക്കുകൂടി നീട്ടി.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള നികുതി ഘടന വ്യാവസായിക ഉല്പാദനം വർദ്ധിപ്പിക്കുവാനും വ്യാവസായിക സംരംഭകരെ പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യമിട്ടുള്ളതാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (3327) സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള ഷെയർ ക്യാപ്പിറ്റൽ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 1999 മാർച്ച് വരെ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ഗവ. കമ്പനികൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിൽ എടുത്തിട്ടുള്ള ഷെയർ ക്യാപ്പിറ്റൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly